**15 -ാം കേരള നിയമസഭ**

**10 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1755** **02-02-2024 - ൽ മറുപടിയ്ക്ക്**

**സർക്കാർ കോളേജുകളിലെ പ്രധാനാദ്ധ്യാപക-അദ്ധ്യാപക തസ്തികകളിലെ നിയമനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . മുഹമ്മദ് മുഹസിൻ | | ഡോ. ആർ. ബിന്ദു<br>(ഉന്നതവിദ്യാഭ്യാസ-സാമൂഹ്യനീതി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്തെ സർക്കാർ കോളേജുകളിൽ പ്രധാനാദ്ധ്യാപകരുടെയും അദ്ധ്യാപകരുടെയും തസ്തികകളിൽ ഒഴിവുള്ളതായി സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശം നൽകാമോ; | (എ) | ഉണ്ട്, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 57 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, 7 സർക്കാർ ആർട്സ് & സയൻസ് (സ്പെഷ്യൽ ഗ്രേഡ്) കോളേജുകൾ, 4 ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ, 2 സംസ്കൃത കോളേജുകൾ, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നിവയാണ് ഉള്ളത്. നിലവിൽ പ്രിൻസിപ്പാൾ തസ്തികയിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലനിൽക്കുന്നു.<br><br>സർക്കാർ ആർട്സ് & സയൻസ് കോളേജ് - 22<br><br>സർക്കാർ ആർട്സ് & സയൻസ് കോളേജ് (സ്പെഷ്യൽ ഗ്രേഡ്) - 3<br><br>സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജ് - 3<br><br>സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് - 1<br><br>ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23.08.2023 ലെ സ.ഉ (സാധാ) നം. 1320/2023/ഉ വി വ സർക്കാർ ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് താത്കാലികമായി പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകി ഉത്തരവായിരുന്നു. ഒഴിവുള്ള തസ്തികകളിൽ റെഗുലർ പ്രൊമോഷൻ അനുവദിക്കുന്നതിനായി UGC മാനദണ്ഡ പ്രകാരം സെലക്ഷൻ കമ്മിറ്റി കൂടുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 04.10.2023 ലെ ബി3 / 36844 / 2023 / ഡി സി ഇ നമ്പർ പരിപത്രം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ബഹു ഹൈകോടതി OP(KAT) 493 / 2023 കേസിന്മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്റ്റേ |

| | | | |
|---|---|---|---|
| | | | ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈകൊണ്ട് വരുന്നു. മറ്റു സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സർക്കാർ കോളേജുകളിൽ 113 അദ്ധ്യാപക തസ്തികകളിലും ഒഴിവ് നിലനിൽക്കുന്നുണ്ട്. യുജിസി റെഗുലേഷൻ പ്രകാരം ഒരു അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് 16 മണിക്കൂർ വർക്ക് ലോഡ് ആവശ്യമാണ്. UGC മാനദണ്ഡ പ്രകാരം PG Weightage പുനക്രമീകരിച്ചതിനാലും M.phil തസ്തിക ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും മിക്ക വിഷയങ്ങളിലും അധിക തസ്തിക നിലവിലുണ്ട്. അത്തരത്തിൽ ഉണ്ടായ അധിക തസ്തികകൾ പുനക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |
| (ബി) | പ്രസ്തുത ഒഴിവുകളിൽ നിയമനം നടത്തുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ? | (ബി) | ഉണ്ട്, ഉന്നത വിദ്യാഭ്യാസ വകുപ്പിന് കീഴിൽ 57 സർക്കാർ ആർട്സ് & സയൻസ് കോളേജുകൾ, 7 സർക്കാർ ആർട്സ് & സയൻസ് (സ്പെഷ്യൽ ഗ്രേഡ്) കോളേജുകൾ, 4 ടീച്ചർ എഡ്യൂക്കേഷൻ കോളേജുകൾ, 2 സംസ്കൃത കോളേജുകൾ, ഒരു ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് എന്നിവയാണ് ഉള്ളത്. നിലവിൽ പ്രിൻസിപ്പാൾ തസ്തികയിൽ ചുവടെ പറയുന്ന ഒഴിവുകൾ നിലനിൽക്കുന്നു.<br><br>സർക്കാർ ആർട്സ് & സയൻസ് കോളേജ് - 22<br><br>സർക്കാർ ആർട്സ് & സയൻസ് കോളേജ് (സ്പെഷ്യൽ ഗ്രേഡ്) - 3<br><br>സർക്കാർ ടീച്ചർ എഡ്യൂക്കേഷൻ കോളേജ് - 3<br><br>സർക്കാർ ഫിസിക്കൽ എഡ്യൂക്കേഷൻ കോളേജ് - 1<br><br>ബഹു.കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ 23.08.2023 ലെ സ.ഉ (സാധാ) നം. 1320/2023/ഉ വി വ സർക്കാർ ഉത്തരവ് പ്രകാരം 36 അദ്ധ്യാപകർക്ക് താത്കാലികമായി പ്രിൻസിപ്പൽ തസ്തികയിൽ നിയമനം നൽകി ഉത്തരവായിരുന്നു. ഒഴിവുള്ള തസ്തികകളിൽ റെഗുലർ പ്രൊമോഷൻ അനുവദിക്കുന്നതിനായി UGC മാനദണ്ഡ പ്രകാരം സെലക്ഷൻ കമ്മിറ്റി കൂടുന്നതിന് അപേക്ഷ ക്ഷണിച്ചു കൊണ്ട് കോളേജ് വിദ്യാഭ്യാസ ഡയറക്ടർ 04.10.2023 ലെ ബി3 / 36844 / 2023 / ഡി സി ഇ നമ്പർ പരിപത്രം വകുപ്പിന്റെ ഔദ്യോഗിക വെബ്സൈറ്റിൽ പ്രസിദ്ധീകരിച്ചിരുന്നു. എന്നാൽ ബഹു ഹൈകോടതി OP(KAT) 493 / 2023 |

| | | | |
|---|---|---|---|
| | | | കേസിന്മേൽ പുറപ്പെടുവിച്ച ഇടക്കാല ഉത്തരവിൽ സർക്കാർ ആർട്സ് ആൻഡ് സയൻസ് കോളേജുകളിലെ പ്രിൻസിപ്പൽ നിയമനവുമായി ബന്ധപ്പെട്ട എല്ലാ നടപടികളും സ്റ്റേ ചെയ്തിരിക്കുകയാണ്. സ്റ്റേ ഒഴിവാക്കുന്നതിനുള്ള നടപടികൾ സർക്കാർ തലത്തിൽ കൈകൊണ്ട് വരുന്നു. മറ്റു സർക്കാർ കോളേജുകളിലെ പ്രിൻസിപ്പൽ തസ്തികയിലെ ഒഴിവുകൾ നികത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു.<br><br>സർക്കാർ കോളേജുകളിൽ 113 അദ്ധ്യാപക തസ്തികകളിലും ഒഴിവ് നിലനിൽക്കുന്നുണ്ട്. യുജിസി റെഗുലേഷൻ പ്രകാരം ഒരു അദ്ധ്യാപക തസ്തിക അനുവദിക്കുന്നതിന് 16 മണിക്കൂർ വർക്ക് ലോഡ് ആവശ്യമാണ്. UGC മാനദണ്ഡ പ്രകാരം PG Weightage പുനക്രമീകരിച്ചതിനാലും M.phil തസ്തിക ഒഴിവാക്കിയതിന്റെ അടിസ്ഥാനത്തിലും മിക്ക വിഷയങ്ങളിലും അധിക തസ്തിക നിലവിലുണ്ട്. അത്തരത്തിൽ ഉണ്ടായ അധിക തസ്തികകൾ പുനക്രമീകരിക്കുന്ന വിഷയം സർക്കാർ പരിശോധിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ